# രാജർഷി


| പുസ്തകം 8 | 1117 ചിങ്ങം. | ലക്കം 1 |
|---|---|---|


## മംഗളം.

—:*:—

അജ്ഞാനധ്വാന്തവിധ്വംസക,നധികമദ-
ത്തോടെതിർപ്പോരെയാകെ-
സ്സഞ്ജാതസ്നേഹമോരോ ശുഭവഴിയരുളി-
ക്കാത്തുനന്നാക്കിടുന്നോൻ
വിജ്ഞാനാംഭോധികുംഭോൽഭവസമവിഭവൻ
ഹന്ത! 'രാജർഷി'യേവം
തജ്ജ്ഞാരാദ്ധ്യാതിശുദ്ധസ്ഥിതിവിലസി ലസി-
യ്ക്കേണമാചന്ദ്രതാരം.

നടുവത്തു ശങ്കരൻ നമ്പൂരി.

## പ്രസ്താവന.

ശ്രീപൂർണ്ണത്രയീശന്റെ അപാരമായ കരുണയും രാജർഷിതിരുമനസ്സിലെ ആത്മീയമായ ആശിസ്സും സാഹിതീഭക്തന്മാരുടെ ത്യാഗപൂർവ്വമായ ഔദാര്യവും യഥാകാലം സഹായിക്കുകയാൽ ഈ മാസികാശിശു ഏഴരശ്ശനിയുടെ ബാധ പറയത്തക്കവിധം ഏല്ക്കാതെതന്നെ എട്ടാം വയസ്സിലേക്കു കാൽവെയ്ക്കുന്ന ഈ അവസരം ഞങ്ങളെ എന്നപോലെ രാജർഷിമിത്രങ്ങളായ സാഹിത്യരസികന്മാരെയും ആനന്ദിപ്പിയ്ക്കാതിരിക്കയില്ലെന്നു ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ നാമധേയത്തിന്റെ മഹനീയതയ്ക്കനുഗുണമായ ഒരു വിശേഷാൽപ്രതി അവതരിപ്പിക്കുവാ

നള്ള ആനുകൂല്യങ്ങളുടെ അഭാവം, കനകത്തിന്റെ സ്ഥാനത്ത് കസുമം വെയ്ക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ചിരിക്കുന്നുവെന്നുകൂടി ഇസ്സന്ദർഭത്തിൽ സവ്യസനം രേഖപ്പെടുത്തിക്കൊള്ളട്ടെ. "ഏതി ജീവന്തമാനന്ദോ നരം വർഷശതാദപി" എന്ന ആപ്തവാക്യം വിജയിക്കാതിരിക്കയില്ലെന്നു ഓർത്ത് തൽക്കാലം സമാധാനിക്കുകതന്നെ.

ഉത്തമമായ ജീവിതവൃത്തിയെന്നു അഭിജ്ഞസമ്മതമായ പത്രപ്രവർത്തനത്തിന്ന് ഇന്നെത്തിച്ചേർന്നിരിക്കുന്ന ദുർദ്ദശ ഏതൊരു ശിലാഹൃദയത്തേയും അലിയിക്കുവാൻ പര്യാപ്തമാണ്. തത്ത്വവേദികൾ വിനോദപ്രധാനമായ ഒരു നാടകരംഗമെന്നു നാമകരണം ചെയ്തിട്ടുള്ള ഈ വിശ്വരംഗം ഇന്നു ആത്മീയം ഭൌതികം ദൈവികം-അഹിംസയേയും ഹിംസയേയും രണ്ടിനേയും പുരസ്കരിച്ചുള്ള—ഭീകരമായ ഒരു സമരരംഗമായി പരിണമിച്ച കഥ, വിനോദത്തിൽക്കൂടെ വിജ്ഞാനത്തെ വിതരണംചെയ്യുന്ന സാഹിതീദേവിയ്ക്ക് എത്രമാത്രം അരുന്തുദമായിരിക്കുമെന്ന് സഹൃദയന്മാരെ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. സാഹിതീസമാരാധനത്തിന്ന് അപരിത്യാജ്യങ്ങളായ ഉപകരണങ്ങളുടെ അസുലഭതയും അമിതമൂല്യതയും, തത്ഭക്തന്മാരെ അനുദിനം ഉത്തരോത്തരം അത്യന്തം കിംകർത്തവ്യതാവിമൂഢന്മാരാക്കിത്തന്നേ വളർന്നുവരുന്നു. ആനന്ദസോപാനങ്ങളിൽ അടിഞ്ഞുകൂടുന്ന ഈ കല്ലും മുള്ളും അചിരേണ നീങ്ങാതിരിക്കുന്നതായാൽ സാഹിത്യത്തിന്റെ എന്നുമാത്രമല്ല ലോകത്തിന്റെതന്നെ സ്ഥിതിയെന്തായിരിക്കും!!

ഇക്കഴിഞ്ഞ ഏഴാം വയസ്സിൽ രാജർഷിക്ക് കുറഞ്ഞൊരു സമരമനോഭാവമുണ്ടായിട്ടുണ്ടെന്ന് കരുതുന്നവരോട് ഞങ്ങൾക്ക് പറവാനുള്ളത് ഇത്രമാത്രമാണ്: മൌനമെല്ലാം അനുവാദമായി വ്യാഖ്യാനിക്കുന്നവരുടെ അടുക്കൽ അല്പമൊരു മൌനഭഞ്ജനം അനപേക്ഷണീയമല്ലയോ? മാത്രമല്ല; "മനാ ഗനഭ്യാവൃത്യാ വാ കാമം ക്ഷാമ്യതു യഃ ക്ഷമീ। ക്രിയാസമഭിഹാരേണ വിരാധ്യന്തം ക്ഷമേത കഃ" എന്നാണല്ലോ മഹാകവിവചനവും. പത്രധർമ്മമർമ്മജ്ഞന്മാർ ഞങ്ങളുടെ പ്രവൃത്തിയിലുള്ള ന്യായ്യാന്യായ്യതകളെ പരിശോധിച്ച് വിധി കല്പിച്ചുകൊള്ളട്ടെ. ഏതായാലും ഇത്തരം തൊഴിലുകളെ കഴിയുന്നത്ര കൂടാതെ കഴിക്കുവാൻ ഞങ്ങൾ സർവ്വദാ സന്നദ്ധന്മാരാകുന്നു.

രാജർഷിയുടെ ആകൃതിയും പ്രകൃതിയും കുറച്ചുകൂടി പരിഷ്കരിക്കണമെന്ന്, അഞ്ചാംവയസ്സുമുതൽ തുടങ്ങിയിട്ടുള്ള ഞങ്ങളുടെ മനോരഥ

ങ്ങൾ വിലംബിതഫലങ്ങളായിത്തീരുന്നതിൽ വല്ലതായ സന്താപമുണ്ട്. ഇതിന്നൊരു ശാന്തിനല്കുവാൻ രാജർഷിബന്ധുക്കളുടെ ഉദാരതയ്ക്കുമാത്രമേ സാദ്ധ്യമാകയുള്ളുവെന്ന് സവിനയമറിയിച്ചുകൊള്ളുന്നു.

"കഷ്ടപ്പാടുകൾ പെരുകുകയും നന്മകൾ മറഞ്ഞുപോകുകയും നിരങ്കുശമായ പ്രാകൃതത്വം പരന്നുപിടിക്കുകയും ഭൂതവിദ്യകൊണ്ടു പെരുകിയ മൃഗോചിതമായ ഭോഗതൃഷ്ണ മുതിർന്നുവരുകയും ചെയ്യുന്ന കാലമാണിതു്. ഈ സന്ദർഭത്തിൽ വിശ്വവ്യാപിയായ ഒരു പരസ്പരൈക്യം മുളച്ചുപൊങ്ങുമെന്ന് പറയുന്നതു്, പക്ഷെ കവികൾക്കുമാത്രം പററിയതാണെന്നു തോന്നിയേക്കാം.

എന്നിരിക്കിലും എപ്പോഴും പേടികാട്ടിക്കൊണ്ടിരിക്കുന്ന ഈ കാലവും നിയന്ത്രിക്കപ്പെടാവുന്നതാണ്. എന്നല്ല; നമ്മളിൽ ഇതും കടന്നു ജീവിക്കുന്നവരാരോ, പരമപുരുഷാർത്ഥസിദ്ധിക്കായി ആര്യധർമ്മം എന്നെന്നും പുലരുകതന്നേ ചെയ്യുമെന്നു വിശ്വസിക്കുന്നവരാരോ അവർ ഈ വിശ്വാസത്തെ മുൻനിറുത്തുക തന്നേ വേണം." വിശ്വമഹാകവിയായ ഗുരുദേവൻെറ ഈ സൂക്തിരസായനം ആസ്വദിക്കുന്നതു് ഇന്നത്തെ അസമാധാനങ്ങൾക്ക് ഏററവും പററിയ ഒരു സിദ്ധൌഷധമാണെന്നു മാത്രം തൽക്കാലം പറഞ്ഞുകൊള്ളുന്നു.

രാജർഷിമാസികയുടെ സഹോദരിയായി ശ്രീ ശിവപുരത്തിലവതരിച്ച രാജർഷിസംസ്കൃതവിദ്യാശാലാ, അധ്യക്ഷൻെറയും അദ്ധ്യാപകന്മാരുടേയും അനദ്ധ്യായരഹിതമായ സമുദ്യമങ്ങളുടെ ഫലമായി അനുക്രമം വളൎന്ന് ഇന്നു നാലാം വയസ്സിൽ പ്രവേശിച്ചിരിക്കുന്ന വിവരവും രാജർഷിമിത്രങ്ങളെ അറിയിച്ചുകൊള്ളുന്നു. ബാലയായ ഈ വിദ്യാകല്പലതയുടെ പരിപാലനത്തിന്നു പരിമിതമായ ഫലം ഇതിൽനിന്നുതന്നേ ലഭിച്ചുതുടങ്ങുന്നതായാൽ ഇത് ദോഹദത്തിൻേറയും സേചനത്തിൻേറയും ആധിക്യത്താൽ അചിരേണ ഒരു മഹാകല്പലതയായിത്തീരുമെന്ന് പറയുവാൻ ഞങ്ങളൊട്ടുംതന്നെ ശങ്കിക്കുന്നില്ല.

സർവ്വഥാ ഞങ്ങളുടെ കൃതജ്ഞതയ്ക്കു് പാത്രീഭൂതരായ രാജർഷിബന്ധുക്കൾ തങ്ങളുടെ ബന്ധുകൃത്യങ്ങൾക്ക് കുറച്ചുകൂടി ശക്തികൂട്ടുന്നതു് രാജർഷിയുടെ വിജയത്തിന്ന് അമൂല്യമായ സഹായമായിരിക്കും. അതിന്നായി ഞങ്ങൾ അവരോടു അഭ്യർത്ഥിക്കുന്നു. ഇന്നത്തെ കഷ്ടതകളിൽ ഞങ്ങളെ സഹായിക്കുന്ന സാഹിത്യകാരന്മാരോടും സുജനഭൂഷണം മുദ്രാലയത്തിൻെറ ഉടമസ്ഥനോടും ഞങ്ങൾക്കുള്ള അപാരമായ കൃതജ്ഞ

ത ഇവിടെ രേഖപ്പെടുത്തുന്നതോടുകൂടെത്തന്നെ മേലിലും വേണ്ടത്ര സഹായസഹകരണങ്ങൾ ചെയ്തുതരുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

പ്രജാവലിയുടെ വിനയാധാനരക്ഷണഭരണങ്ങളിൽത്തന്നെ നിരന്തരം ജാഗരൂകനും ആർത്തത്രാണപരായണനും ആയി വിരാജിക്കുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ആയുരാരോഗ്യാദ്യഭിവൃദ്ധി ഞങ്ങളുടെ അഭീഷ്ടലാഭത്തിന്ന് ഒരു ചിന്താരത്നമാകയാൽ അതിന്നായി ഞങ്ങൾ സർവാത്മനാ ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊണ്ടു തൽക്കാലം വിരമിക്കുന്നു.

— ** —

## രാജർഷിയെപ്പററി

### അഭിപ്രായം.

‘രാജർഷി’ മാസിക ഞാൻ നിയമേന വായിക്കാറുണ്ട്. അതു കിട്ടാറില്ലാതിരുന്ന പലരും എന്റെ പക്കൽ നിന്ന് മാസിക വാങ്ങിച്ചുവരുകയും, വായിച്ചുവരുകയും അസാധാരണമല്ല കേരളത്തിലെ പ്രസിദ്ധ ലേഖകന്മാരിൽ ഒട്ടു മിക്കവരേയും’ പ്രതിവർഷം ഒന്നു രാജർഷിയിൽ കയററിയിറക്കാതിരിക്കയില്ല. പ്രശസ്തനായ അതിന്റെ പത്രാധിപർ! രാജർഷിയുടെ മുൻലക്കങ്ങൾ പലപ്പോഴും റഫറൻസിനു ആവശ്യപ്പെടുന്നു. സംസ്കൃതത്തിലും മലയാളത്തിലും ഉള്ള പല നല്ല കൃതികളും ‘രാജർഷി’ മുഖേന ഇദംപ്രഥമമായി പുറത്തു വന്നിട്ടുണ്ട്. പുതുതരക്കാരേയും പഴമക്കാരേയും പ്രീതിപ്പെടുത്തുവാനുള്ളവകകൾ എപ്പോഴും ‘രാജർഷി’ സംഭരിച്ചുകൊണ്ടുവരുന്നു. സാഹിത്യവാദവിനോദങ്ങൾ കൂടെക്കൂടെ ‘രാജർഷി’യിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു രാജർഷിയിൽ തന്നെ എഴുതിത്തെളിഞ്ഞുവന്നിട്ടുള്ള പല നല്ല ലേഖകന്മാരേയും നിർദ്ദേശിക്കാൻ കഴിയുന്നതാണ്. ചിലപ്പോഴൊക്കെ, സാഹിത്യാഭ്യാസികൾക്കും സ്ഥാനം അനുവദിച്ചു വരുന്നു. ഇതെല്ലാം എന്തിനേയാണ് കാണിക്കുന്നത്? ‘രാജർഷി’ മലയാളികളുടേയും, മലയാളഭാഷയുടേയും, മലയാളദേശത്തിന്റേയും ഒരത്യാവശ്യകവസ്തുവായിത്തീർന്നിരിക്കുന്നു എന്നുതന്നെ. ഇതിൽപരം ഒരു മെച്ചം ഒരു മാസികയ്ക്കുണ്ടാവുക, ഈ അവസ്ഥയെ വിടാതെ പാലിക്കുന്നതുകൊണ്ടുമാത്രമാണല്ലോ. ജഗദീശ്വരൻ അതിനു സർവ്വഥാ സഹായിക്കട്ടെ. ‘രാജർഷി’യുടെ ഈ നിലയ്ക്കെല്ലാം കാരണഭൂതൻ, ശ്രീ ഗോപാലപിള്ളയവർകളാണെന്നുള്ളത് അസ്മാദൃശന്മാർക്കെല്ലാം വിശിഷ്യ അഭിമാനത്തിന്നും ആനന്ദത്തിന്നും കാരണവുമാണ്.

പണ്ഡിതർ:- ഈ. വി. രാമൻ നമ്പൂതിരി,

‘വിദ്യാരത്നം’.

# കാട്ടിലെപ്പാട്ട്.

പാരിടം തമിസ്രതൻ വക്ത്രത്തിൽപ്പതിക്കുന്നു;
ക്രൂരിരുട്ടെങ്ങും വന്നുകൂടുന്നു ക്രൂരാചാരമായ്.
വാനിലെക്കൊട്ടുംകാറാർധ്വാന്തമാം പിശാചിന്റെ
മേനിയിൽപ്പൂശീടുന്നു മേല്ക്കുമേൽക്കാളാഞ്ജനം.
ഭൂതലം മരിച്ചുവോ—നിഃശ്ചേഷ്ടം? വിയത്തിലാ-
പ്രേതത്തിൻ ചിതാധൂമം വാച്ചുവോ ഘനാകാരം?
എങ്ങൊളിച്ചുവോ ചോരഭീതിയാൽ നഭോവീഥി
തിങ്കൾനായകം വച്ച താരഹാരാലങ്കാരം?
അല്ലെന്നോ ചൊല്ലേണ്ടു ഞാനന്നത്തെത്തമസ്സാണ്ഡ-
മല്ലെങ്കിലേഃതാ പുത്തൻ കാകോളസ്രോതസ്സെന്നോ?
ഉഗ്രമാം മഹാരണ്യമൊന്നതാ! സങ്കല്പമാം
ദൃക്കിനാൽക്കാണാമെങ്കിൽക്കാണുവിൻ ഭ്രാതാക്കളേ!
താപിഞ്ഛദ്രുമങ്ങളാൽ നീരന്ധ്രം, മത്തദ്വിപ-
വ്യാപാരഭീമം വിപൽകേന്ദ്രമാമതിൽക്കൂടി,
താങ്ങുവാൻ പോണ്ടുന്നാക്കു ദൈവംതാൻ കരംനീട്ടി
നീങ്ങുന്നു മുഃന്നാട്ടേക്കു പല്ലക്കൊന്നതിദ്രുതം.
"ആരെടാ? നില്ക്കട്ടെയപ്പല്ലക്കെന്നന്നേരത്താ-
രാരവം കേൾക്കാകുന്നു സിംഹഗർജ്ജനംപോലേ.
"നില്ക്കട്ടെ, നില്ക്കട്ടെ"യെന്നത്യുച്ചമേറെശ്ശബ്ദ-
മഗ്ഗിരിൻ പ്രതിധ്വനിക്കൊപ്പമായ് മുഴങ്ങുന്നു.
ഭീദമാം വെടിക്കെട്ടു പൊട്ടുന്നു ദൂരത്തിങ്ക,-
ലേതുദുർമ്മൂർത്തിക്കപ്പോളുത്സവം നടക്കുന്നോ?
കാളുന്നു മുന്നിൽപ്പന്തം രണ്ടെണ്ണം, പോരാടുന്നു
കാളിതൻ തുറിച്ചതാം വട്ടക്കൺ തോല്ക്കും മട്ടിൽ.
പേടിച്ചു നിർത്തീ വാഹർ പര്യങ്കം; ചുറ്റും വന്നു
കൂടിയൊട്ടനേകംപേർ, കൊള്ളക്കാർ ഹിംസാരതർ.
വല്ലായ്മയൊന്നമ്മട്ടു വന്നുപോയ് തനിക്കെന്നു
പല്ലക്കിന്നകത്തുള്ള ഭാഗ്യവാൻ ധരിച്ചീല;

നാദബ്രഹ്മാനുധ്യാനലീനനാണപ്പോഴുമ-
പ്പീതസച്ചിദാനന്ദപീയൂഷൻ, മഹാശയൻ.
തഞ്ചത്തിലൊട്ടേറെനാൾക്കപ്പുറം തഞ്ചാവൂരാം
തൻജന്മസ്ഥലത്തേക്കു പോകയാണഗ്ഗായകൻ.

ii.

വാണിതൻ വക്ഷോരുഹം രണ്ടിലും വഴിഞ്ഞൂറും
ത്തുന്നമൃതപാലാരൊരേവേളയിൽപ്പാനംചെയ്തു;
വഞ്ചിഭൂവരാരോഹയാരെത്തൻമാറിൽച്ചേർത്തു
സഞ്ചിതപ്രേമം പുല്കിധന്യയായ് പ്രശോഭിച്ചു;
ശ്രീപത്മനാഭസ്വാമിദാസനായ്, വദാന്യതാ-
വൈഭവത്തിനാലാരു വൈലക്ഷ്യം ഭോജനേകി;
ആക്കലാലതോപഹ്ലപാരിജാതാനോകഹം.
ഭാർഗ്ഗവക്ഷേത്രോത്ഭവം, പര്യായത്യാഗബ്രഹ്മം,*
സ്വാതിജൻ, കൂടസ്ഥനാമിന്ദുവിൻ കളങ്കത്തെ
ഖ്യാതിയാൽ സമ്മാർജ്ജിച്ച തമ്പുരാൻ, ഗർശ്രീമാൻ:-
ആരെത്തൻ വലങ്കയ്യായ് മാനിച്ചോ സദസ്സിൽവ-
ച്ചാരിൽത്തൻ സമഗ്രമാം വാത്സല്യം നിക്ഷേപിച്ചോ;
ആദ്യമായ് കർണ്ണാടകം സംഗീതം പുത്തൻഫിഡിൽ-
വാദ്യത്തിൽ വായിക്കുവാൻ ദാക്ഷ്യമാരാർജ്ജിച്ചുവോ,
വാട്ടം വിട്ടാരെപ്പ്രാജ്ഞർ വാഴ്ത്തീയോ കരം കൂപ്പി
നാട്യവിദ്യാധിഷ്ഠാനദേവതാസ്വരൂപനായ്:-
വടിവേലുംതൻപാട്ടാൽ വിശ്വത്തെയാവർജ്ജിച്ച
വടിവേലുവെന്നുള്ള നട്ടുവൻതാനാപ്പുമാൻ.
മോഷകക്കൂട്ടത്തിലാസ്സാധു ചെന്നകപ്പെട്ടു;
കൌശികവ്യൂഹത്തിനാൽക്കോകിലം ചൂഴപ്പെട്ടു.

iii.

"നീക്കെടാ തിരശ്ശീല; വക്കൂടാ കാ"ശിങ്ങെന്നു
തോക്കൊന്നുചൂണ്ടിക്കാട്ടിച്ചോരർതൻ നേതാവത്താൻ.
പല്ലക്കിൽ നാലോ മറേറാ പെട്ടിയുണ്ടതോരോന്നായ്
ചൊല്ലും മുൻപെടുത്തേകി ദുഷ്ടന്നു യാത്രക്കാരൻ.

* ത്യാഗരാജനെ 'ത്യാഗബ്രഹ്മം' എന്നും പറയാറുണ്ട്.

ഓരോന്നും തുറന്നവൻ നോക്കവേ കണ്ടാനുള്ളി-
ലാരെയും ഭ്രമിപ്പിക്കുമഗ്ര്യമാമർത്ഥാൽകരം.
വൈരവും, മാണിക്യവും, പച്ചയും, നീലക്കല്ലും
മാരിവിൽക്കതിർക്കററ വീശിക്കൊണ്ടൊന്നിൽക്കാണാം.
അംഗദം, കടീസൂത്രം, കേയൂരം, തുലാകോടി,
കങ്കണം തൊട്ടുള്ളോരു പണ്ടങ്ങൾ വേറിട്ടൊന്നിൽ,
ചാരുമെയ് സപ്പംപോലെ ചുററിയും മടക്കിയും
നൂറിഴപ്പണിക്കൂട്ടിൽ മറെറാന്നിൽ മുക്താഹാരം;
രൂപ്യവും സുവർണ്ണവും നാലാമതൊന്നിൽപ്പെട്ടെ-
ന്നാപ്പെട്ടിയെല്ലാം കൈക്കലാക്കിനാൻ പാടച്ചരൻ.
ബാക്കിയങ്ങൊന്നേയുള്ളു മഞ്ജൂഷ,യന്യാധീന-
മാക്കുവാനതുംകൂടിയധപഗൻ മടിച്ചോതി:
"ഉച്ഛിഷ്ടമായിട്ടെനിക്കിപ്പെട്ടിമാത്രം നല്കി-
പ്പുശ്യതോഹരാധ്യക്ഷ! പാലിപ്പാൻ പ്രാർത്ഥിപ്പു ഞാൻ."
കൈകൊട്ടിച്ചിരിച്ചതിന്നാക്ഖലൻ ചൊന്നാൻ: "നല്ല
പാകം! നീയാരെന്നെന്നെയോർത്തുപോയ് ശുദ്ധാത്മാവേ!
നിൻകയ്യിൽ വായ്ക്കും സ്വത്തു നിശ്ശേഷം നിൻപ്രാണനും
ചുങ്കമിസ്ഥലത്തെന്നു കാണുവാൻ കണ്ണെങ്ങുപോയ്?
കൊണ്ടുവാ, തക്കിക്കാതെ, കൊണ്ടുവാ, ഞാനല്ലെങ്കിൽ-
ത്തുണ്ടുതുണ്ടാക്കും നിന്നെ വെട്ടിയെൻ കൈവാളിനാൽ
നിന്നുയിർക്കാറെറകിഞ്ഞാനാകാശം നിറയ്ക്കേണ്ട;
നിൻനിണക്കണം ചിന്നിയാഴിയെപ്പെരുക്കേണ്ട."
എന്നുരച്ചപ്പെട്ടിയും വാങ്ങിച്ചുനോക്കീ ഘോര-
നൊന്നുമില്ലതിൽക്കാശോ, പണ്ടമോ, കല്ലോ, പൊന്നോ.
ആട്ടന്തപ്പെട്ടിക്കുള്ളിൽക്കേവലം ദന്തഫ്ഫിഡിൽ-
വാദ്യമൊന്നു,ണ്ടാപ്പാവമായതിന്നാശിക്കുന്നു.
"ആ വാദ്യമെൻപ്രാണനാം പെൺകിടാവാണേ! നിങ്ങ
ളായതിൻ പൂമേനിയിൽപ്പോറലൊന്നേല്പിക്കൊല്ലേ!
നിങ്ങൾക്കതെന്തിന്നെനിക്കേകിയാൽ കൃതാർത്ഥൻ ഞാൻ;
നിങ്ങളും പെറുന്നീലേ ഏതൊന്നു ദൈവം നല്കി?"
ദേവകീധവൻ പണ്ടു കംസനോടിരന്ന മ-
ട്ടേവം തൻ പെൺകുഞ്ഞിനായ് പ്രാർത്ഥിച്ചാൻ ഏതദ്രവ്യൻ.

iv.

ഹൃഷ്ടനായപ്പോൾച്ചൊന്നാൻ ചോരൻ: "എൻ ചങ്ങാതി, നീ
വിഡ്ഢിയൊ, കൺകെട്ടോനൊ, പിച്ചനൊ കുടിച്ചോനൊ?
അല്പവും മററൊന്നും നീയാശിപ്പീലല്ലൊ, നിന-
ക്കിപ്പൊട്ടവാദ്യപ്പെട്ടിക്കെന്തിനിപ്പെരുംകൊതി?
ആട്ടെ ഞാനിതങ്ങോട്ടു തന്നാലിപ്പിത്തക്കാരി-
യൂട്ടുമൊ പിച്ചപ്പാളയേന്തേണ്ടും തന്നാച്ഛനെ?"
ആ വാക്കുകേട്ടാതിനാനന്ദഭാഗൻ സമാശ്വസി-
"ച്ചീവാദ്യം വേറിട്ടൊന്ന,ല്ലെന്നന്നപൂർണ്ണേശ്വരി.
ഉണ്ടിതെൻ കരത്തിങ്കലെങ്കിൽ ഞാൻ ജേതാവെന്നി-
ക്കണ്ടിടാമുട്ടത്തിടാമല്ല സിദ്ധരങ്ങിടാം.
സ്തുത്യമാമീയക്ഷയം ഭാജനം ദാനംചെയ്തു
മിത്രനാരെന്നുംകൂടി ചൊല്ലിടാം സുഹൃത്തേ, ഞാൻ
ശ്രീവാഴുംകോടെന്നില്ല ദേശമൊന്നാഢ്വത്ഥ,മാ-
ഭ്രുവാളും പുണ്യശ്ലോകൻ, പൂരുഷക്കലങ്കാരം,
ഈട്ടന്തഫ്ഫിഡിൽ വാദ്യമേകി; ഞാനതിൽപ്പാടി-
പ്പേർത്തുമിസ്സമ്പത്തെല്ലാം നേടി,യദ്ദേവൻ നല്കി.
ആക്കലാസംരക്ഷകാഗ്രഗൻ തന്മുന്നിൽ ഞാൻ
ശീഘ്രമായ് ചെന്നീവാദ്യം പിന്നെയും വായിക്കുകിൽ,
കിന്നരൻ ഞാനെന്നോർത്തും തമ്പുരാൻ കനി,ഞ്ഞെന്നൊ-
ക്കിന്നരേശനായ്ത്തീർക്കും കേവലം ക്ഷണാർദ്ധത്തിൽ.
'സാ-രി'യെന്നൊരാൾക്കങ്ങു മൂളിയാലാമന്ത്രത്താൽ
ദാരിദ്ര്യപ്പിശാചിനെത്തൽക്ഷണം തച്ചോടിക്കാം.
ആലപിച്ചിടാം രാഗമല്പമൊന്നൊന്നാലുടൻ
മാളികയ്ക്കകം പൂകാം മാതംഗേന്ദ്രാരൂഢനായ്;
നാകികൾക്കഭീഷ്ടങ്ങൾനൽകുവാനഞ്ചുണ്ടുപോൽ
ശാഖി, ഗോവൊ,ന്നൊന്നശ്മം — ഏഴെണ്ണമാകെക്കൂടി
ഏകനായവയ്ക്കുള്ള ഭാരം താൻ വഹിപ്പതീ-
ലോകത്തിലാപ്പുണ്യാത്മാ,വിന്ദിരേ ഗോപാസകൻ.
ഏഴയല്ലീവാദ്യമുണ്ടെന്നാൽ ഞാനെക്കാലത്തു-
മാഴിനീർ വററിപ്പോകില്ലഭ്രത്തിൻ പാനത്തിനാൽ,

അല്ലെങ്കിലെന്തിന്നെനിക്കാവിത്തമെല്ലാം, കൊണ്ടു
വല്ല ദിക്കിലും ചെന്നാൽ വല്ലോരും ഹരിക്കുവൻ?
ആശ്ശിരഃകമ്പംപോരുമാമന്ദസ്മിതംപോരു-
മാ"ബ്ബലേ, ബലേ" വാക്യ സമ്മാനമൊന്നേ പോരും.
എൻമട്ടിൽ സരസ്വതീദേവിയെസ്സേവിപ്പോൎക്കു
മമ്മജ്ജ്ഞർ നല്കും മതിപ്പൊന്നുതാൻ മഹൈശ്വര്യം."

V.

വേണാടു വാണീടുന്ന തമ്പുരാൻ തൻപേർ കേൾക്കെ
സ്സേ്നഹന്നു ദുഃഖം വാക്കും തെല്ലൊന്നു പാകപ്പെട്ടു.
"വടിഃവല്യഃവാ ഭവാൻ? കേട്ടിട്ടുണ്ടങ്ങേപ്പററി-
യടവിയുൾഉളളിൽപ്പാൎക്കും ഞങ്ങളും കുറച്ചെല്ലാം.
പാട്ടിനും കവച്ച്യയ്ക്കും പാൎക്കിൽപ്പൊരുത്തമേ-
താട്ടിനും ചെന്നായ്ക്കുമെങ്ങന്യോന്യമാകൎഷണം?
കാതിലും കഴുത്തിലും കൈവയ്ക്കുംനേരം കേൾപ്പൂ
മാതർതൻ ഞരക്കം ഞാൻ മാൺപെഴും സംഗീതമായ്;
സ്വത്തെല്ലാം പൊയ്പ്പോകവേ യാത്രക്കാർ വയററത്തു
മദ്ദളംകൊട്ടും കൊട്ടെൻ മാനസം കുളിൎപ്പിപ്പൂ.
എന്നുമേ വിപത്തെന്നെപ്പേടിച്ചുമാറുന്നു; ഞാൻ
കണ്ണുനീർ പൊഴിക്കേണ്ട കാലമേ കണ്ടിട്ടില്ല.
ആനന്ദമേകാം കേൾപ്പോൎക്കങ്ങേപ്പാ,ട്ടായിക്കോട്ടെ;
ഞാനതിൻകടാക്ഷത്താൽ വേണ്ടല്ലോ മോദിക്കുവാൻ.
പാരമിന്നാശിപ്പൂ ഞാൻ കേണിടാ,നങ്ങയ്ക്കൊന്നി-
പ്പാറയെദ്രവിപ്പിക്കാൻ പററുമോ? പാടൂ; നോക്കാം."
മായമററിമ്മട്ടാതി മാറിനാൻ മലിമ്ലുചൻ;
വായിപ്പാൻ തുടങ്ങിനാൻ വാദ്യവും വാണീദാസൻ.
കാൽമണിക്കൂറങ്ങോട്ടു നീങ്ങവേ ഘട്ടംമാറി;
ജാല്മനും സഹായരും സ്നാതരായ് തപ്താശ്രുവിൽ;
സ്തബ്ധരായ്, സമ്മൂഢരായ്, ധന്യരായ്, ശമാഢ്യരായ്
സത്വശുദ്ധാത്മാക്കളായ് തന്നെത്താൻ മറന്നോരായ്.
കാണുമാറായീ മുന്നിലേവൎക്കും കണ്ണൻ പണ്ടു
വേണുവാദനംചെയ്ത മോഹനം വൃന്ദാവനം.

## vi.

ഓതിനാൻ ചോരൻ വീണ്ടും സാനുതാപനാ"യങ്ങേ-
പ്പാദത്തിൽപ്പതിക്കുമിപ്പാപിയെപ്പാലിക്കണേ!
സ്തേനനെസ്സദ്വൃത്തനായ്ത്തീൎക്കുവോരങ്ങേട്ടിവ്വ-
ഗാനത്തിൻ മികച്ചതാം പ്രാഭവം കണ്ടല്ലോ ഞാൻ.

എൻകൊടും പങ്കം ഭവാനിമ്മട്ടിലെന്താശ്ചൎയ്യ-
മെൻകണ്ണീരൊഴിച്ചുതേച്ചില്ലെന്നായ്ച്ചമച്ചല്ലോ.
ചേരുവോന്നത്രേ നൂനമങ്ങേയ്ക്കിദ്രവ്യോൽകരം
ചേരമാൻ ദാനംചെയ്തു,തമ്മഹാൻ സൽപാത്രജ്ഞൻ.

ഞാൻ, കള്ളൻ, കവൎന്നതാം സ്വത്തെല്ലാമിപ്പോളങ്ങേ-
ത്തേൻകനിഞ്ഞീടും പാട്ടു കേട്ട ഞാൻ തിരിച്ചേകാം.
ഇപ്പെരുങ്കാട്ടിന്നുള്ളൊരീശനല്ലയോ ഞാനു-
മല്പമൊന്നഗ്ഗാനത്തിനൎപ്പിക്കാമെൻ സമ്മാനം.

കൊള്ളകൊണ്ടിന്നോവരെക്കൊണ്ടോരെൻ സ്വത്തൊക്കെയൊ-
ന്നല്ലൽവിട്ടടൻനല്കാമപ്പാട്ടിൻ മൂല്യാംശമായ്;
അല്ലല്ല മാൎഗ്ഗജ്യോതിസ്സായൊരെന്നാചാൎയ്യന്നു
തെല്ലതിന്നിരിക്കട്ടെ ദക്ഷിണാരൂപത്തിങ്കൽ.

ഈ വൃത്തികൈവിട്ടുഞാനിന്നുതൊട്ടിനിബ്ഭവൽ-
സേവകൻ കഴൽപ്പാട്ടിൽ പററിടും മണൽത്തരി."
എന്നോതി തനിക്കുള്ള വിത്തമത്രയും നല്കീ
ധന്യനഗ്ഗാതാവിന്നു തസ്കരൻ ത്യാഗൈശ്വൎയ്യൻ;

തൻചാവൂരക്കാടെന്നു ചിന്തിച്ചോരദ്ദേഹത്തെ-
തഞ്ചാവൂർ ഗൃഹത്തിങ്കലെത്തിച്ചു നിൎബ്ബാധമായ്.
തൻ ദന്തഫ്ഫിഡിൽമാത്രം വച്ചുകൊണ്ടാസ്വത്തെല്ലാ-
മന്തമററകിഞ്ചനൎക്കാബ്ബുധൻ ദാനംചെയ്താൻ.

ആ വാദ്യവണ്ണം പത്തു ദിക്കിലും പരത്തിനാർ
ബ്ഭുവിലെശ്ശരച്ചന്ദ്രനാകുമാപ്പുണ്യശ്ലോകൻ.
ഗാനമേ! ജയിപ്പൂ നീ തുല്യമായ് വിഹായസ്സിൽ-
ദ്ദീനരും വിത്തേശരും ക്രീഡിക്കും വിമാനമേ!

മഹാകവി ഉള്ളൂർ.

## ധ്വനികാരനുമുമ്പ് ധ്വനിക്കുള്ള സ്ഥാനം.

ആനന്ദവൎദ്ധനാചാൎയ്യൎക്കു മുമ്പുണ്ടായിരുന്ന ആലങ്കാരികന്മാൎക്കൊക്കെയും രസാദികളെപ്പോലെ വസ്ത്വലങ്കാരസ്വരൂപമായ ധ്വനിവിശേഷവും തജ്ജന്യമായ ആഹ്ലാദവിശേഷവും അനുഭവവിഷയംതന്നെയായിരുന്നു. എന്നാൽ, ആ വക അനുഭവവും ആനന്ദവും ശരിയായ സ്വരൂപവിവേചനത്തോടും യുക്തമായ താരതമ്യവിവേകത്തോടും കൂടാതെയായിരുന്നുവെന്നേയുള്ളൂ. അതിനാൽ, ഭാമഹാദികൾ ആവക ധ്വനിവിശേഷങ്ങളെ അലങ്കാരമായും വാമനൻ ഗുണമായും ഗണിച്ചുവെന്നുമാത്രം. അല്ലാതെ, ധ്വനിയുടെ ഗന്ധംതന്നെ അവൎക്കുണ്ടായിരുന്നില്ലെന്നു വിചാരിച്ചുകൂടാ. പ്രതീഹാരേന്ദുരാജൻ തന്റെ ഉദ്ഭടാലങ്കാരവ്യാഖ്യാനമായ 'ലഘുവിവൃതി'യുടെ അവസാനത്തിൽ 'സഹൃദയന്മാർ ചിലർ നിൎദ്ദേശിച്ചിരിക്കുന്ന കാവ്യജീവിതഭൂതമായ ധ്വനിയെപ്പററി ഒന്നും പ്രത്യേകിച്ചു പറയാഞ്ഞതു് ഉക്തങ്ങളായ അലങ്കാരങ്ങളിൽ അന്തൎഭവിക്കുന്നതുകൊണ്ടാണെന്നു് ഉപന്യസിച്ചു് അന്തൎഭാവപ്രകാരത്തെ ഉപപാദിച്ചുകൊണ്ടു് x"എല്ലാ ധ്വനിപ്രകാരങ്ങൾക്കും സാമാന്യഭൂതങ്ങളായ വിവക്ഷിതവാച്യമെന്നും അവിവക്ഷിതവാച്യമെന്നുമുള്ള ധ്വനിയുടെ മഹാപ്രഭേദങ്ങൾക്കു പൎയ്യായോക്തം, അപ്രസ്തുതപ്രശംസ എന്നിവയിൽ യഥാക്രമം അന്തൎഭാവം പറയാവുന്നതാണു്," എന്നിങ്ങിനെ നിഗമനംചെയ്തിട്ടുണ്ടു്. വിശേഷിച്ചു് *"ധ്വനികാരനെ അപേക്ഷിച്ചു പ്രാചീനന്മാരായ ഭാമഹോദ്ഭടാദികൾ സ്വഗ്രന്ഥങ്ങളിൽ ധ്വനി, ഗുണീഭൂതവ്യംഗ്യം മുതലായ ശബ്ദങ്ങൾ പ്രയോഗിച്ചിട്ടില്ല എന്നതുകൊണ്ടുമാത്രം അവർ ധ്വനികളെ സ്വീകരിച്ചിട്ടില്ലെന്നു് ആധുനികന്മാർ അഭിപ്രായപ്പെടുന്നതു് തീരെ യുക്തമല്ല. എന്തെന്നാൽ സമാസോക്തി, വ്യാജസ്തുതി, അപ്രസ്തുതപ്രശംസ മുതലായ അലങ്കാരങ്ങളുടെ നിരൂപണംകൊണ്ടുതന്നെ ഗുണീ

---

x "പൎയ്യായോക്താപ്രസ്തുതപ്രശംസയോരേവ യഥാക്രമം വിവക്ഷിതാവിവക്ഷിതവാച്യയോസ്സൎവ്വധ്വനിഭേദസാമാന്യഭൂതയോൎദ്ധ്വനിഭേദയോരന്തൎഗ്ഗതിൎവ്വാച്യാ"

* "ധ്വനികാരാൽ പ്രാചീനൈൎഭാമഹോദ്ഭടപ്രഭൃതിഭിഃ സ്വഗ്രന്ഥേഷു ധ്വനിഗുണീഭൂതവ്യംഗ്യാദിശബ്ദാ ന പ്രയുക്താ ഇത്യേതാവതൈവ തൈൎദ്ധ്വന്യാദയോ ന സ്വീക്രിയന്ത ഇത്യാധുനികാനാം വാചോയുക്തിരയുക്തൈവ. യതസ്സമാസോക്തിവ്യാജസ്തുത്യപ്രസ്തുതപ്രശംസാദ്യലങ്കാരനിരൂപണേന കിയന്തോഽപി ഗുണീഭൂതവ്യംഗ്യപ്രഭേദാസ്തൈരപി നിരൂപിതാഃ അപരശ്ച സൎവ്വോഽപി വ്യംഗ്യപ്രപഞ്ചഃ പൎയ്യായോക്തകക്ഷായാം നിക്ഷിപ്തഃ ന ഹ്യനുഭവസിദ്ധോഽൎത്ഥോ ബാലേനാപ്യപഹ്നോതും ശക്യതേ. ധ്വന്യാദിശബ്ദൈഃ പരം വ്യവഹാരോ ന കൃതഃ ന ഹ്യേതാവതാനംഗീകാരോ ഭവതി."

ഭൂതവ്യംഗ്യപ്രഭേദങ്ങളെ ഏറിയകൂറും അവർ നിരൂപിച്ചുകഴിഞ്ഞു. മററു ള്ള വ്യംഗ്യപ്രപഞ്ചം മുഴുവനും പര്യായോക്തകുക്ഷിയിൽ നിക്ഷേപിക്കു കയും ചെയ്തിരിക്കുന്നു. അനുഭവസിദ്ധമായ അർത്ഥം അപലപിക്കുക ബാലനുപോലും ശക്യമല്ല. ധ്വന്യാദിശബ്ദങ്ങളെകൊണ്ടു് അവർ വ്യവ ഹാരം നടത്തീട്ടില്ലെന്നതു ശരിതന്നെ. അതുകൊണ്ടുമാത്രം അംഗീകരി ച്ചിട്ടില്ലെന്നാവുകയില്ലല്ലോ." എന്നിങ്ങനെ പണ്ഡിതരാജൻ രസഗം ഗാധരത്തിലെ പര്യായോക്തപ്രകരണത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്ന തും നോക്കുക.

ആലങ്കാരികന്മാരിൽ അലങ്കാരപ്രാധാന്യവാദികൾ രസഭാവാ ദിയെ രസവദാദ്യലങ്കാരമായും ഗുണപ്രാധാന്യവാദികൾ കാന്തി, ഭാവ്യാ ത്ഥദർശനമായ സമാധിപ്രഭേദം എന്നീ അർത്ഥഗുണമായുമാണു് ഗണിച്ചി രിക്കുന്നതു്. അലങ്കാരപ്രാധാന്യവാദികളായ ഭാമഹൻ, ദണ്ഡി, ഉദ്ഭടൻ എന്നിവർക്കു പരാംഗം മാത്രമല്ല പ്രധാനമായ രസഭാവാദിയും രസവദാ ദ്യലങ്കാരംതന്നെയാണെന്ന വസ്തുത അവരുടെ ഉദാഹരണസന്ദർഭങ്ങളിൽ നിന്നു വ്യക്തവും സകലസംവിദിതവുമാകയാൽ ഇവിടെ വിശേഷിച്ചു വിസ്തരിക്കുന്നില്ല. കാവ്യാലങ്കാരസൂത്രവൃത്തിയിലെ,

X "ദീപ്തരസത്വം കാന്തിഃ (15)

ദീപ്താ രസാശ്ശൃംഗാരാദയഃ യസ്യ സഃ ദീപ്തരസഃ തസ്യ ഭാവഃ ദീപ്തരസ ത്വം കാന്തിഃ യഥാ—

"പ്രേയാൻ സോയമപാകൃതസ്സശപഥം പാദാനതഃ കാന്തയാ
ദ്വിത്രാണ്യേവ പദാനി വാസഭവനാദ്യാവന്ന യാത്യുന്മനാഃ
താവൽ പ്രത്യുത പാണിസമ്പുടലസന്നീവീനിബന്ധം ധൃതോ
ധാവിത്വൈവ കൃതപ്രണാമകമഹോ! പ്രേമ്ണോ വിചിത്രാ ഗതിഃ"
"ഏവം രസാന്തരേഷ്വപ്യുദാഹാര്യം".

എന്ന സന്ദർഭംകൊണ്ടു ഗുണപ്രാധാന്യവാദിയായ ആചാര്യവാമനൻ രസ

X ദീപ്തരസത്വമാകുന്നു കാന്തിയെന്ന അർത്ഥഗുണം. ദീപ്തങ്ങളായ—വിഭാവാനുഭാവ വ്യഭിചാരികളാൽ അഭിവ്യക്തങ്ങളായ—ശൃംഗാരാദി രസങ്ങളോടുകൂടിയതു് ദീപ്തരസം. അതിന്റെ ഭാവം ദീപ്തരസത്വം.

കാല്ക്കൽവീണവനും ശപഥപൂർവ്വം നിരാകൃതനുമായ ആ പ്രിയതമൻ വിമനസ്കനായി വാസഭവനത്തിൽനിന്നു് രണ്ടുമൂന്നടി എടുത്തുവെക്കുമ്പോഴേക്കു മുമ്പു പ്രവർത്തിച്ചതിന്നു് വിപരീതമായി ഓടിയെച്ചെന്നു് നമസ്കരിച്ചു പാണിപുടത്തിൽ വിലസുന്ന മടിക്കുത്തോടു കൂടുംപ്രകാരം പ്രേയസിയാൽ പിടിച്ചു നിറുത്തപ്പെട്ടു; ആശ്ചര്യം! പ്രേമത്തിന്റെ ഗതി വിചിത്രംതന്നെ. എന്നുശ്ലോകാർത്ഥം.

ഇപ്രകാരം മററു രസങ്ങളെ സംബന്ധിച്ചും ഉദാഹരിക്കേണ്ടതാണു്.

ത്തെ കാന്തി എന്ന ഗുണമായിട്ടാണ് ഗണിച്ചിരിക്കുന്നതെന്ന് സ്പഷ്ടമാകുന്നുണ്ട് 'വിശിഷ്ടാൽ ഭാവപ്രത്യയഃ വിശേഷണമഭിസംധത്തേ' എന്ന ന്യായപ്രകാരം ദീപ്തരസത്വം ദീപ്തങ്ങളായ രസങ്ങൾതന്നെയാണെന്നതിലുണ്ടോ സംശയത്തിന്നവകാശം? കൂടാതെ, * "അർത്ഥദർശനമാണ് 'സമാധി'യെന്ന അർത്ഥഗുണം അർത്ഥമാകട്ടെ വ്യക്തമെന്നും സൂക്ഷ്മമെന്നും രണ്ടുവിധത്തിലാണ്. അതിൽ സൂക്ഷ്മവും രണ്ടുപ്രകാരത്തിലാണ്. ഭാവ്യമെന്നും വാസനീയമെന്നും. ശീഘ്രനിരൂപണഗമ്യം ഭാവ്യം" എന്നിങ്ങിനെ അർത്ഥഗുണമായ സമാധിയെ വിവരിച്ചുകൊണ്ട്, ഭാവ്യാർത്ഥദർശനമായ സമാധിപ്രകാരത്തെ,

x അന്യോന്യസംവലിതമാംസലദന്തകാന്തി
സോല്ലാസമാവിരലസം വലിതാർത്താരം
ലീലാഗൃഹേ പ്രതികലം കിലികിഞ്ചിതേഷു
വ്യാവർത്തമാനനയനം മിഥുനം ചകാസ്തി."

എന്നിങ്ങനെ അദ്ദേഹം ഉദാഹരിച്ചുകാണിച്ചിരിക്കുന്നതിൽനിന്നും വിശേഷിച്ച് പ്രസ്തുത ഗ്രന്ഥത്തിന്റെ വ്യാഖ്യാനമായ 'കാമധേനു'വിൽ ഗോപേന്ദ്രതിപ്പഭൂപതി, * "അന്യോന്യസംവലിതദന്തകാന്തി" എന്നതിനാൽ സ്മിതം, സല്ലാപം, അധരാസ്വാദം മുതലായവയും 'സോല്ലാസ'മെന്നതിനാൽ ഹർഷം, ഔത്സുക്യം മുതലായവയും 'അലസ'മെന്നതിനാൽ ശ്രമം, ഗ്ലാനി എന്നിവയും 'കിലി . നയനം' എന്നതിനാൽ പ്രണയകലഹം, ഗർവ്വം, ഭയം, വിററ മുതലായവയും വ്യംജിക്കുന്നു." എന്നിങ്ങനെ ഭാവ്യമായ അർത്ഥവിശേഷത്തെ പ്രദർശിപ്പിച്ചിരിക്കുന്നതിൽനിന്നും മററുള്ള ഭാവാദികളൊക്കെയും സമാധിയുടെ ഭാവ്യാർത്ഥദർശനമെന്ന വകഭേദത്തിലാണ് അന്തർഭവിച്ചിരിക്കുന്നതെന്നു വിചാരിക്കാവുന്നതുമാണ്.

---

* "യസ്യാർത്ഥദർശനം സമാധിരിതി, സ ദ്വേധാ വ്യക്തസ്സൂക്ഷ്മശ്ച-'സൂക്ഷ്മം ഭാവ്യം വാസനീയശ്ച'-ശീഘ്രനിരൂപണഗമ്യോ ഭാവ്യഃ"

അധി. 3. അദ്ധ്യാ 2.

x പരസ്പരം ശ്ലിഷിതമായ കൊഴുത്ത ദന്തകാന്തിയോടുകൂടിയതും ഉല്ലാസയുക്തവും ആലസ്യമാർന്നതും ചാമ്പിയ കൺമിഴിയോടുകൂടിയതും കിലികിഞ്ചിതങ്ങളിൽ അനുക്ഷണം തിരിക്കുന്ന നോട്ടത്തോടുകൂടിയതും ആയ മിഥുനം കേളീഗൃഹത്തിൽ വിലസുന്നു. എന്നർത്ഥം.

" സ്മിതരുദിതഹർഷശോക-
ത്രാസക്രോധാദിമിശ്രഭാവന്താൻ
'കിലികിഞ്ചിത'മഭിമതസം-
ഗമാദിഹർഷം നിമിത്തമുളവാകിൽ."

എന്നു കിലികിഞ്ചിതലക്ഷണം.

* "അന്യോന്യസംവലിതമാംസലദന്തകാന്തീത്യനേന സ്മിതസല്ലാപാധരാസ്വാദാദയഃ, സോല്ലാസമിത്യനേന ഹർഷൌത്സുക്യാദയഃ, അലസമിത്യനേന ശ്രമാങ്ഗദൌർബ്ബല്യാദയഃ, കിലികിഞ്ചിതേഷു വ്യാവർത്ത്യമാനനയനമിത്യനേന പ്രണയകലഹഗർവ്വഭയകമ്പാദയശ്ച വ്യജ്യന്തേ"

വസ്ത്വലങ്കാരധ്വനികളാകട്ടെ, സമാസോക്തി, ആക്ഷേപം, അനുക്തനിമിത്തവിശേഷോക്തി, പര്യായോക്തം, അപഹ്നുതി ദീപകം, അനന്വയം, അപ്രസ്തുതപ്രശംസ, വ്യാജസ്തുതി മുതലായ അലങ്കാരങ്ങളിൽ യഥായോഗമന്തർഭാവമർഹിക്കുന്നുണ്ടെന്നാകുന്നു അലങ്കാരപ്രാധാന്യവാദികളുടെ അഭിപ്രായം. അതുകൊണ്ടുതന്നെയാണു്, ആനന്ദവർദ്ധനാചാര്യർ ധ്വന്യാലോകത്തിലെ പ്രഥമോദ്ദ്യോതത്തിൽ ഈവക അലങ്കാരങ്ങളെക്കൊണ്ടു് ധ്വനിപ്രഭേദമൊന്നും ചരിതാർത്ഥമാകയില്ലെന്നു് സയുക്തികം സപ്രപഞ്ചം പ്രതിപാദിച്ചിരിക്കുന്നതു്. എന്തിനു വളരെ! ധ്വന്യാലോകത്തിലെ "യത്രാർത്ഥശ്ശബ്ദോ വാ—" എന്ന ധ്വനിലക്ഷണകാരികയിൽ ശബ്ദമെന്നു നിർദ്ദേശിച്ചിരിക്കുന്ന സ്ഥിതിക്കു് അഭിധയെ ഉപേക്ഷിച്ചതു് ന്യൂനതയാണെന്നും ദീപകാദിസ്ഥലത്തു് ഗമ്യമാകുന്ന ഉപമ ധ്വനിയാകയാൽ ലക്ഷ്യമായിരിക്കെ ആവക ലക്ഷ്യങ്ങളിൽ ലക്ഷണത്തിന്നു് അവ്യാപ്തിയുണ്ടെന്നും മററും f മഹിമഭട്ടൻ പ്രാചീനസംസ്കാരം നിമിത്തം തൻെറ 'വ്യക്തിവിവേകത്തിൽ' ആക്ഷേപിച്ചിരിക്കുന്നതു നോക്കുക.

ഗുണപ്രാധാന്യസിദ്ധാന്തിയായ വാമനനാകട്ടെ, വസ്ത്വലങ്കാരധ്വനികളിൽ ഏതാനും ചിലതു് വക്രോക്തിയിലും മററുള്ളതൊക്കെയും വാസനീയാർത്ഥദർശനവും സമാധിപ്രകാരവുമായ ഗുണവിശേഷത്തിലുമാണുൾപ്പെടുത്തിയിരിക്കുന്നതു്

x "വാമനേന തു സാദൃശ്യനിബന്ധനായാ ലക്ഷണായാ വക്രോക്ത്യലങ്കാരത്വം ബ്രുവതാ കശ്ചിൽ ധ്വനിഭേദോലങ്കാരതയൈവോക്തഃ"

(അലങ്കാരസർവ്വസ്വം ഭാഗം 7)

എന്നിങ്ങിനെ അലങ്കാരസർവ്വസ്വകാരൻ അഭിപ്രായപ്പെടുന്നതിനുള്ള നിദാനം അതുതന്നെയാണു്. കൂടാതെ,

* "തഥാപി ഗുണവൃത്ത്യാ കാവ്യേഷു വ്യവഹാരം ദർശയതാ ധ്വനിമാർഗ്ഗോ മനാക് സ്പൃഷ്ടോപി ന ലക്ഷിതഃ" എന്ന പംക്തികൊണ്ടു് ധ്വന്യാലോകകാരൻ കടാക്ഷിക്കുന്ന ആ വസ്തുത ലോചനകാരൻ വെളിവാക്കീട്ടുമുണ്ടു്.

---

f "കിഞ്ച യഥാഭിധേയോർത്ഥസ്തദ്വിശേഷണഞ്ചോപാത്തം തദ്വദഭിധാവ്യാപാരോന മഹത്യേവ. അന്യഥാ യത്ര ദീപകാദേരലങ്കാരാദുപമാദേരലങ്കാരാന്തരസ്യ പ്രതീതിസ്തത്ര ധ്വനിത്വമിഷ്ടം ന സ്യാൽ തല്ലക്ഷണേനാവ്യാപ്തേഃ. അലങ്കാരാണാമഭിധാത്വമുപഗതം തേഷാം ഭംഗിഭണിതിഭേദരൂപത്വാൽ—" ഇത്യാദി. വിമർശം 1. ഭാഗം 3

x "സാദൃശ്യനിബന്ധനയായ ലക്ഷണ വക്രോക്ത്യലങ്കാരമാണെന്നു പറയുന്ന വാമനൻ ഏതാനും ധ്വനിഭേദത്തെ അലങ്കാരമായി ഗണിച്ചിരിക്കുന്നു.

* "ഗുണവൃത്തിയെക്കൊണ്ടു സാഹിത്യവിഷയമായ വ്യവഹാരം നടത്തീട്ടുള്ള വാമനൻ ധ്വനിയെ കുറഞ്ഞൊന്നു സ്പർശിച്ചിട്ടുണ്ടെങ്കിലും ലക്ഷണപൂർവ്വം നിർദ്ദേശിക്കയുണ്ടായിട്ടില്ല.

വക്രോക്തിയിൽ ഉൾപ്പെടാത്ത, അതായതു് ലക്ഷണാമൂലമല്ലാത്ത വസ്ത്വലങ്കാരധ്വനിപ്രപഞ്ചമൊക്കെയും ആചാര്യവാമനന്റെ ദൃഷ്ടിയിൽ വാസനീയാർത്ഥദർശനമായ സമാധിപ്രഭേദവുമാണു്. സമാധിപ്രകരണത്തിൽ,

X "ഏകാഗ്രതാപ്രകർഷഗമ്യോ വാസനീയ ഇതി. വാസനീയോ യഥാ—

"അവഹിതധവലിതജഘനം
വിവർത്തിതാഭിമുഖകുചതടം സ്ഥിതയാ
അവലോകിതോഹമനയാ
ദക്ഷിണകരകലിതഹാരലതം" (അധി. 3. അദ്ധ്യാ 2.)

M. 958

എന്നിങ്ങിനെ വാസനീയപ്രകാരത്തെ വാമനൻ വിവരിച്ചു് ഉദാഹരിച്ചു കാണിച്ചിരിക്കുന്നതും വ്യാഖ്യാതാവായ കാമധേനുകാരൻ * "ദുർല്ലഭസ്ത്വത്സംയോഗഃ, ത്വയ്യേവ ലഗ്നമിദം മദീയം മനഃ; ദുരന്തസന്താപശാന്തയേ ഹാരലതികയൈകാ മയി ദാക്ഷിണ്യമവലംബതേ ഇത്യേവം സ്വാഭിപ്രായപ്രകാശനം അവധാനപ്രകർഷേണാത്ര സഹൃദയഹൃദയസംവേദ്യം" എന്നിങ്ങനെ സമന്വയിപ്പിച്ചു് കാണിച്ചിരിക്കുന്നതും അതിലേക്കു അനിഷേദ്ധ്യമായ തെളിവാണല്ലോ.

വാമനഭാമഹാദികളുടെ മതങ്ങളെ അതിദൂരം അതിക്രമിച്ചും ധ്വനികാരന്റെ മതത്തോടു അടുക്കാതെയും ഏതാണ്ടു് മാദ്ധ്യസ്ഥ്യമവലംബിച്ചു വർത്തിക്കുന്ന ഒരു മതമാണു് രുദ്രടന്റേതു്. ഭാമഹാദികളെപ്പോലെ രുദ്രടൻ രസാദിയെ രസവദാദ്യലങ്കാരമായി ഗണിക്കുന്നില്ല. രസം അലങ്കാരാദികളിൽനിന്നു് വ്യതിരിക്തവും പ്രധാനവും കാവ്യത്തിൽ സർവ്വഥാ ആദരണീയവുമാണെന്നുതന്നെയാണു് അദ്ദേഹത്തിന്റെ പക്ഷം. ഭാമഹാദികളെപ്പോലെ രുദ്രടനു രസം എട്ടോ ഒമ്പതോ അല്ല, 'പ്രേയാ'നോടുകൂടി പത്താണു്. ഈ 'പ്രേയാ'നെത്തന്നെയാണു് പിന്നീടു് ചിലർ 'വത്സല'മെന്നു് പറഞ്ഞിരിക്കുന്നതു്. അത്രയുമല്ല,

രസനാദ്രസത്വമേഷാം മധുരാദീനാമിവോക്തമാചാര്യൈഃ
നിർവ്വേദാദിഷ്വപി തന്നികാമമസ്തീതി തേപി രസാഃ"
(കാവ്യാലങ്കാരം അദ്ധ്യാ. 12. ശ്ലോ. 4.)

---

X സഹൃദയേത്വസമുല്ലസിതമായ സംസ്കാരസമ്പത്തോടുകൂടിയ അവധാനപ്രകർഷത്താൽമാത്രം ഗമ്യമാകുന്ന അർത്ഥം വാസനീയം

വല്ലകാരണത്താലുമാണെന്ന ഭാവത്തിൽ സവിലാസം ചലിപ്പിക്കപ്പെട്ടിരിക്കുന്ന ജഘനത്തോടുകൂടും വണ്ണവും അഭിമുഖമായ മാറിടത്തെ കുറഞ്ഞൊന്നു് തിരിച്ചുകൊണ്ടും നിന്നിട്ടു് ഇവൾ ഹാരലതയെ തുരുപ്പിടിച്ചുകൊണ്ടു് എന്നെ നോക്കി. എന്നർത്ഥം.

* നിന്നോടുള്ള സംയോഗം ദുർല്ലഭംതന്നെ, ഈ എന്റെ മനസ്സാകട്ടെ നിന്നിൽ തന്നെ ലഗ്നവുമാണു്. ദുരന്തമായ സന്താപത്തിന്റെ ശാന്തിക്കായി ഈ ഹാരലതികയൊന്നുമാത്രമാണു് എന്നിൽ ദാക്ഷിണ്യമവലംബിച്ചിരിക്കുന്നതു്. എന്നിങ്ങിനെയുള്ള സ്വാഭിപ്രായപ്രകാശനം ഇവിടെ അവധാനപ്രകർഷത്താലാണു് സഹൃദയഹൃദയസംവേദ്യമാകുന്നതു് എന്നർത്ഥം.

എന്നിങ്ങിനെ മധുരാദിരസങ്ങൾപോലെ നിർവ്വേദാദിഭാവങ്ങൾ കൂടി രസ്യമാനങ്ങളാകയാൽ രസങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

അതിന്നും പുറമെ,

> X "ഏവമേതേ രസാ രസവതോ രമയന്തി പുംസ-
> സ്സമ്യഗ്വിഭജ്യ രചിതാശ്ചതുരേണ ചാരു
> യസ്മാദിമാനനധിഗമ്യ ന സർവ്വരമ്യം
> കാവ്യം വിധാതുമലമത്ര തദാദ്രിയേത"
>
> (അദ്ധ്യാ. 15. ശ്ലോ. 21.)

എന്നിങ്ങിനെ രസത്തിന്നു സർവ്വാപേക്ഷയാ പ്രാധാന്യവും പ്രാശസ്ത്യവും പ്രതിപാദിച്ചിട്ടുമുണ്ട്. ഇങ്ങിനെയെല്ലാമാണെങ്കിലും രസം കാവ്യത്തിന്ന് ഉപസ്കാരകമാണെന്നുതന്നെയാണ് രുദ്രടന്റെ മതം; ധ്വനികാരന്റേതുപോലെ ഉപസ്കാര്യമാണെന്നല്ല. ഈ വസ്തുത 'കാവ്യജീവിതവൃത്തി'യുടെ ഉപോദ്ഘാതത്തിൽ ഉപപാദിച്ചിട്ടുള്ളതുകൊണ്ട് വീണ്ടുമിവിടെ വിസ്തരിക്കുന്നില്ല.

രുദ്രടൻ ഗുണത്തെ അലങ്കാരവ്യതിരിക്തമായി ഗണിക്കുന്നില്ല. വിശേഷിച്ച് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം ഭാമഹന്റേതിലും ഒരു പടികൂടിക്കയറിനില്ക്കുന്നതായിട്ടാണ് കാണുന്നത്. ഗുണങ്ങൾക്കു പ്രത്യേകം നാമനിർദ്ദേശംപോലുമാവശ്യകമല്ലെന്നാണ് രുദ്രടന്റെ അഭിസന്ധിയെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

> * "ശബ്ദാർത്ഥയോരിതി നിരൂപ്യ വിഭക്തരൂപാൻ
> ദോഷാൻ ഗുണാംശ്ച നിപുണോ വിസൃജന്നസാരം
> സാരം സമാഹിതമനാഃ പരമാദദാനഃ
> കുർവ്വീത കാവ്യമവിനാശി യശോധിഗന്തും" (11. 36.)

എന്നിങ്ങിനെ കാവ്യത്തിൽ ഗുണം സമാദരണീയമാണെന്നു പറയുന്ന രുദ്രടൻ തന്റെ ഗ്രന്ഥത്തിൽ ഗുണങ്ങളുടെ പേരുപോലും പ്രത്യേകം നിർദ്ദേശിക്കാതെ കടന്നുപോയിരിക്കുന്നത് അലങ്കാരാനതിരിക്തങ്ങളായ ഗുണങ്ങൾക്ക് അതിന്നുകൂടി അർഹതയില്ലെന്ന അഭിപ്രായത്താൽ തന്നെ

---

X നിപുണനായ കവിയാൽ നല്ലപോലെ വിവേചിച്ച് രമണീയമായി നിബന്ധിക്കപ്പെടുന്ന ഈ രസങ്ങൾ രസികന്മാരെ രമിപ്പിക്കുന്നു. ഈ രസങ്ങളെ ആശ്രയിക്കാതെ സർവ്വരമ്യമായ കാവ്യം രചിക്കുവാൻ കവിക്കു സാധിക്കയില്ല അതിനാൽ അവയെ ആദരിക്കണം.

* നിപുണനായ കവി ഇപ്രകാരം ശബ്ദാർത്ഥങ്ങളുടെ വിഭക്തരൂപങ്ങളായ ദോഷങ്ങളേയും ഗുണങ്ങളേയും വിവേചനംചെയ്തു അസാരം ഉപേക്ഷിച്ചും സാരം ഗ്രഹിച്ചും അനശ്വരമായ യശസ്സു ലഭിക്കാനായി ഏകാഗ്രചിത്തനായി കാവ്യം രചിക്കണം.

യല്ലേ? പ്രകൃതപദ്യത്തിൻെറ വ്യാഖ്യാനത്തിൽ (*) "വക്രോക്തി മുതലായ അഞ്ചെണ്ണം ശബ്ദത്തിൻെറ ഗുണങ്ങളും അസമത്ഥാദികളായ ആറെണ്ണം ശബ്ദത്തിൻെറ ദോഷങ്ങളും വാസ്തവം മുതലായ നാലെണ്ണം അത്ഥത്തിൻെറ ഗുണങ്ങളും അപഹേതാദിയായ ഒമ്പതെണ്ണം അത്ഥദോഷങ്ങളും ആകുന്നു." എന്നു വിവരിക്കുന്ന 'നമിസാധു' ഈ വസ്തുത വെളിവാക്കീട്ടുണ്ട്. വാസ്തവം, ഔപമ്യം, അതിശയം, ശ്ലേഷം, എന്നീ നാലാണ് രുദ്രടന്റ് അലങ്കാരം. സ്വഭാവോക്തി, ഉപമ മുതലായവയൊക്കെയും അവയുടെ വകഭേദങ്ങൾ മാത്രമാകുന്നു.

"ഓത്താലതിശയം സാമ്യം വാസ്തവം ശ്ലേഷമിങ്ങിനെ
അലങ്കാരങ്ങളെത്തീപ്പാൻ നാലുതാനിഹ സാധനം.
ഇവയെക്കൊണ്ടു തീക്കുന്നു കവീന്ദ്രരുപമാദിയെ
തങ്കംകൊണ്ടിഹ തട്ടാന്മാർ കങ്കണാദിയെയെന്നപോൽ"

എന്നു് ഭാഷാഭൂഷണത്തിൽ തമ്പുരാൻ പറഞ്ഞിരിക്കുന്നതു് രുദ്രടൻെറ മതമനുസരിച്ചാണ്. തങ്കത്തിൻെറ സ്ഥാനത്തു് തങ്കം, മുത്തു്, പവിഴം, രത്നം എന്നോ മറേറാ നാലെണ്ണം നിർദ്ദേശിച്ചിരുന്നുവെങ്കിൽ ദൃഷ്ടാന്തം ഇതിലും യുക്തതരമാകുമായിരുന്നുവെന്നുകൂടി ഈയവസരത്തിൽ ഓമ്മിപ്പിക്കേണ്ടിയിരിക്കുന്നു. എല്ലാംകൊണ്ടും രുദ്രടന്റ് രസഭാവാദി വാമന ഭാമഹാദികൾക്കെന്നപോലെ ഗുണമോ അലങ്കാരമോ അല്ലെങ്കിലും വസ്ത്വലങ്കാരധ്വനികളെ അദ്ദേഹം അലങ്കാരകുക്ഷിയിൽതന്നെയാണ് നിക്ഷേപിച്ചിരിക്കുന്നതു്. അതിലേക്കായി * രണ്ടു വകഭേദങ്ങളോടുകൂടിയ ഭാവമെന്നൊരലങ്കാരംകൂടി രുദ്രടൻ പ്രത്യേകിച്ചു് നിർദ്ദേശിച്ചിരിക്കുന്നു. ആവകയൊക്കെയും ഇവിടെ ഉദ്ധരിച്ചു് വിവരിച്ചു് ഈ ഉപന്യാസത്തെ ഇനിയും ദീഘിപ്പിക്കുന്നില്ല. ഇത്രയുംകൊണ്ടു് ധ്വനികാരന്നു് മുമ്പുണ്ടായിരുന്ന ആലങ്കാരികന്മാരിൽ അലങ്കാരപ്രാധാന്യവാദികൾ ധ്വനിസാമാന്യത്തെ അലങ്കാരവും ഗുണപ്രാധാന്യവാദികൾ പ്രായേണ ഗുണവുമായിട്ടാണാദരിച്ചിരിക്കുന്നതെന്നു് ഏതാണ്ടു് തെളിഞ്ഞിരിക്കുമെന്നു് വിശ്വസിച്ചു് വിരമിക്കുന്നു.

പി. കൃഷ്ണൻ നായർ, മദ്രാസ്.

---

(*) ശബ്ദസ്യ ഹി വക്രോക്ത്യാദയഃ പഞ്ചഗുണാഃ ദോഷാസ്ത്വസമത്ഥാദയഷ്ഷട് അത്ഥസ്യ പുനർഗ്ഗുണാ വാസ്തവാദയശ്ചത്വാരഃ ദോഷാസ്ത്വപഹേത്വാദയോ നവ.
(അദ്ധ്യായം 11. ഭാഗം 149)

* "യസ്യ വികാരഃ പ്രഭവന്നപ്രതിബന്ധേന ഹേതുനാ യേന
ഗമയതി തദഭിപ്രായം തൽപ്രതിബന്ധശ്ച ഭാവോസൌ" 7-38.
"അഭിധേയമഭിദധാനം തദേവ തദസദൃശസകലഗുണദോഷം
അത്ഥാന്തരമവഗമയതി യദ്വാക്യം സോപരോ ഭാവഃ" 7-40.
എന്നീ ലക്ഷണങ്ങളും അവയുടെ ഉദാഹരണങ്ങളും നോക്കി മനസ്സിലാക്കികൊൾക.

# ശ്രീ രവീന്ദ്രസ്മൃതി.

നീ ജയ ജയ! നിത്യനിർമ്മുക്താത്മാവേ! ദിവ്യ-
തൈജസസാമ്രാജ്യശ്രീലാലസന്മലക്ഷ്മാവേ!
ഞങ്ങൾക്ക—പൌരസ്ത്യർക്ക—കണ്ണിന്നും കരളിന്നും
അങ്ങത്രെ ജയിപ്പതേ കർപ്പൂരാമൃതദ്രവം!

സ്നിഗ്ദ്ധഗംഭീരങ്ങളാം കണ്ണുകൾ, വിശാലവും
മുഗ്ദ്ധവുമാകും ഫാല,മുന്നമന്നാസാപുടം,
—ഞാനതിനശക്തൻ നിന്നങ്ഗവർണ്ണനത്തി,നം-
ഞ്ഞാനതിചെയ്വൻ ഹന്ത! കേവലപദങ്ങളിൽ;
എങ്കിലുമെൻപേനയ്ക്കു വൻപേരാൽ വൻപേറാനായ്
തങ്കിടും കൊതികൊണ്ടു ചൊൽവതു പൊറുക്കണേ!



ഹേ! മഹാകവേ! തവ താമരത്താരോടൊത്ത
ഹേമകാന്താസ്യത്തിങ്കൽ ഭാസ്വത്താം തന്തുരുഹം,
വെള്ളിത്തുവലക്കമ്പി കമ്പിടും നിലയ്ക്കു,ററ-
മുള്ളിയന്നുടുപ്പിന്നു കിക്കിളിക്കളിപ്രദം;
ആ വിശ്വസമ്രാജ്ഞിയായങ്ങരുളീടും വാണീ-
ദേവിയാൾ വല്ലപ്പോഴുമൊട്ടൊരു വാട്ടം പൂണ്ടാൽ
വായുദേവനേക്കൊണ്ടു പയ്യവേ വീയിയ്ക്കുവാ-
നായുദേകജഭവൻ പ്രത്യേകം പിടിപ്പിച്ച

ദിവ്യമാം വെൺചാമരതന്നെയോ, തൽപ്രസാദ-
ഭവ്യമാഹാത്മ്യം കാട്ടും തോരണമണിച്ചാർത്തോ?
അല്ലല്ല, ഭവന്മുഖചന്ദ്രനേച്ചുഴന്നേററ-
മുല്ലസിച്ചീടും പരിവേഷമാണതു നൂനം!

അച്ചന്ദ്രൻ പൊഴിച്ചുള്ള വെൺകുളിർ ഗോക്കൾക്കുള്ള
മെച്ചമീ ബ്രഹ്മാണ്ഡത്തിലെങ്ങെങ്ങു വെല്ലുന്നീലാ?
നിച്ചലുമപ്പോഴതിലെങ്ങനേ സഹൃദയ-
ഹൃച്ചകോരങ്ങൾ തത്തിക്രീഡിയ്ക്കാതിരുന്നിടും?
അക്രീഡ കാണ്മാൻവേണ്ടി നിർന്നിമേഷമായ് ലോക-
രക്രീതദാസ്യംപൂണ്ടു നില്പതിലെന്തത്ഭുതം?
സാഹിതീവിഹായസ്സിന്നങ്ങൊരു രവിയത്രേ,
സൗഹിതീസ്വാസ്ഥ്യം നല്കാനിന്ദ്രനും ഭവാനത്രേ,
അങ്ങിനെയല്ലേ പരം 'രവീന്ദ്ര'പദമെങ്ങിൽ
തങ്ങിനില്ക്കുവാനുള്ളോരാഗമം, നിരൂപിച്ചാൽ?
പാദശരവികളേക്കാളുമുജ്ജ്വലന്തിയാം
പാദപംക്തിയേ ഭവാൻ വാദമെന്നിയേ നാട്ടി
അവരേപ്പോലേതന്നെ മിന്നുമെന്നുമെന്നോർത്തോ
തവ തന്നാമം നല്കീ താതനാമൃഷീശ്വരൻ?

കഷ്ടമേ! കഷ്ടമെന്നായ് സഞ്ജാതസദ്വ്യസ്നേഹോൽ-
കൃഷ്ടനാം ഭവാനുടെ തൂലികാമണിത്തയ്യൽ
തന്നുടെ സജാതീയനെൻതുവൽപ്പൈതൽചെയ്യു-
മിന്നുറുങ്ങാലാപത്തിൽ മന്ദാക്ഷം തേടുന്നുണ്ടാം,
എന്നാലുമിതിന്നല്പ ക്ലേശലെന്നത്രേ കാണ്മൂ,
നന്നാവാനനുഗ്രഹമൊന്നലിഞ്ഞേകിയ്ക്കുണേ!

'ചാരകാനന്ദ'പൌത്രനാകുമങ്ങനിരുദ്ധ-
സാരനെന്നതു സിദ്ധ,മപ്പൊഴെന്തിതിൽ ശ്രമം!
എന്നുടെ മനസ്സെങ്ങോ പായുന്നു; പണ്ടങ്ങയ്ക്കു
പൊന്നുകൌമാരംകൊണ്ടു ധന്യമാമിളംപ്രായം:
അന്നുമുണ്ടല്ലോ ചില സഭയും മററു-മതിൽ
ഒന്നുകൊണ്ടാടുന്നേടത്തങ്ങുംചെന്നിരുന്നില്ലേ?

അന്നത്തേ മഹാവന്ദ്യ സാഹിത്യവീരന്മാർ തൻ-
പൊന്നണിക്കിരീടത്തിൽ മിന്നിയ മണീമാല്യം,
'ബങ്കിമചന്ദ്രശതോപാദ്ധ്യായൻ,' ഭരതഭൂ-
വുങ്കിയന്നീടുംവണ്ണം 'നോവൽ' തീർത്തിരുന്നവൻ,
അദ്ധ്യക്ഷസ്ഥാനത്തുനിന്നെഴുന്നേററരുളിയോ-
രദ്ധ്യയനാഹ്ലാന്തിമ 'പ്രസംഗം' നിലയ്ക്കുവേ
തങ്കലാദരംമൂലം സഭ്യന്മാരർപ്പിച്ച പൂ-
ന്തങ്കലാലസന്മാല ശങ്കവിട്ടെടുത്തുടൻ

നിങ്കലാകരംബിതകണ്ഠോരസ്ഥലങ്ങൾക്ക
തൊങ്കലായണിയിച്ച കാർത്താർത്ഥ്യമിയന്നപ്പോൾ
ആളുകളങ്ങുള്ളവരങ്ങയിലതിവേല-
മാളുകമൂലമുൽകണ്ഠാത്ഭുതാനന്ദങ്ങളേ,
കാളുമുത്സാഹത്തോടും, നാദബ്രഹ്മാബ്ധിയേറ്റം
കോളുകൊള്ളിച്ചുച്ചമായ് വിളിച്ചോരാർപ്പോടൊപ്പം
'ചന്ദ്ര'നെജ്ജയിച്ചതു നിസ്സാരം 'രവി'യോർത്താൽ
ചന്ദ്രശേഖരൻപോലും രവിതന്നുപാസകൻ!!

ക്ഷുദ്രമാം വിദ്യാലയജീവിതം വെറുത്തങ്ങു
ഭദ്രമാമേകാന്തത്തിൽ, പ്രകൃതിപ്രണയിയായ്
അന്തമില്ലാതേവായ്ക്കുമന്തരീക്ഷവുമതി-
ലന്തരമെന്യേ തിങ്ങും മാമുകിൽക്കലാപവും,
ചന്തമേറിടും ചായം പൂശിയ സായംപ്രാതഃ-
സന്ധ്യാഭംഗിയും, ഹന്ത! ശൈലകാന്താരങ്ങളും,
സന്തതം നിരീക്ഷിച്ചു സസ്പൃക്ഷിതാത്മാനന്ദം
ബന്ധനച്ഛായയ്ക്കുള്ള പാർപ്പിലും നകന്നും,
'മോർളി'തൻശിഷ്യത്വം പൂണ്ടാംഗലീയസാഹിത്യ-
പാളിയിൽ പ്രവീണതാപാരമ്യം ലഭിച്ചതും,
തൻകുറിപ്പുകൾ തങ്കമഫലത്തിന്നിയത്തയ്ക്കോ-
രങ്കുരംപോലെ 'നോബൽ' സമ്മാനം ഗ്രഹിച്ചതും,
പൈതൃകം തപോവനമുൽകൃഷ്ടവിദ്യാകേന്ദ്ര-
മാതൃകാമഹത്തമസ്ഥാനമായ്ച്ചമച്ചതും,
സർവ്വഭൂഖണ്ഡത്തിലും സാദരമെത്തിജ്ഞാന-
സർവ്വസ്വപ്രചാരണം സാധുവായ് സാധിച്ചതും,
കാലദേശാവസ്ഥാദിയ്ക്കേതിനും യോജിച്ചോരു
ഭൂലലാമഭൂതനാം മറ്റൊരു മഹർഷിയായ്
ചേണാളും വിശ്വോത്തരവിഖ്യാതിവീശിക്കൊണ്ടു
നീണാളേ നിരൗപമ്യം നിതരാം ലസിച്ചതും
അയവേത്തയവേത്തു മനനമഹോ! 'രവി'-
മയമാം സമാധിയിൽ പരമാനന്ദംകൊൾവു!!

രവിതൻ വിയോഗത്തിൽ ഭുവിതത്തിടും തമ-
സ്സവിതർക്കിതമാണിപ്പതിവില്ലൊരു മാറ്റം;
ഇവിടെ സ്വല്പം ഭേദമിതുതാൻ,—തദീയശ്രീ-
കവിതാദിഗോരാശിയവിനാശിയാമെന്നും!!

പണ്ഡിതർ, ഈ. വി. രാമൻനമ്പൂതിരി, വിദ്യാരത്നം.
University Mss. Library, Trivandram, Travancore.

# അന്ത്യോപഹാരം.

(കേക

എന്നൊഴിയുമീയശ്രു, മാതൃഭൂവിനെബ് ഭവാ-
നെന്നേയ്ക്കും വെടിഞ്ഞതിൽ വിശ്വൈകമഹാകവേ!

തവ ദേഹവിയോഗത്തിൻ വാർത്ത ശ്രോത്രത്തിൽവീഴ്കെത്തന്നെ
മർത്ത്യലോകത്തിൻ കരളൊന്നാകെ മരവിച്ചു!

ഒരുദേശത്തി നൊരുരാജ്യത്തി,നൊരു ഭാഷ-
യ്ക്കൊ,രു ഭൂഖണ്ഡത്തിനുമല്ലല്ലൊ ഭവാൻ കവി.
താവകമഹത്വങ്ങൾ കണ്ടിട്ടെത്ര കോൾമയിർപൂണ്ടു
വാല്മീകി വ്യാസാദിയെപ്പെററഭൂവിതുപോലും?

താവൽക്കാവ്യസ്രോതസ്സിൽനിന്നാസ്വാദിച്ചല്ലോഞങ്ങൾ
ദുഷ്പ്രാപമുപനിഷത്തത്വസൂനത്തിൻ മാധ്വി.
വിസ്തൃതവിഹായസ്സിൽ ച്ചരിച്ചു താവൽഭാവന
കൃത്രിമമതില്ലുകളൊന്നിലും കുടുങ്ങാതെ,
തത്വചിന്തകനങ്ങനെപ്പോഴും ദർശിച്ചല്ലൊ
സത്യത്തെസ്സൌന്ദര്യത്തിൽ, സൌന്ദര്യം സത്യത്തിലും.
സ്വീകൃതനവചിന്താമാർഗ്ഗസഞ്ചരൻ ഭവാൻ
സ്ഥൂലലോകത്തിൽ മുററും സൂക്ഷ്മലോകത്തെക്കണ്ടു.

വിശ്വത്തിൻപ്രകൃതിയെ വീക്ഷിയ്ക്കാൻ കണ്ണുള്ളങ്ങ-
ന്നസ്സർവ്വകലാശാലയൊന്നിലും കുടുങ്ങീല.
അല്ലെങ്കിലെന്തി? ന്നതിവിജ്ഞനാം ഭവാൻ ലോക-
ദുർല്ലഭമൊരു സർവ്വസൽക്കലാലയമല്ലൊ!
അങ്ങയിൽച്ചേന്നിട്ടേറെധന്യധന്യമായ്ത്തീന്നി-
തതുമേലുയന്നതാം നോബൽസമ്മാനംകൂടി!

പുഷ്കലയശസ്സങ്ങു വീശുന്നീലങ്ങേസ്സർവ്വ-
സംസ്കാരകേന്ദ്രം സാക്ഷാൽ ശ്രീശാന്തിനികേതനം.
വിശ്രമം വെടിഞ്ഞങ്ങു നേടിയ ധനമൊക്കെ
വിജ്ഞാനം വിതയ്ക്കുവാനായല്ലൊ സമപ്പിച്ചു!

ഒന്നിച്ചു ചേരാമെന്നു ലോകത്തെക്കാട്ടി ഭവാ-
നെന്നുമേയിണങ്ങാത്ത കിഴക്കും പടിഞ്ഞാറും.
കേമരാം പാശ്ചാത്യരും താവസവിധത്തിൽത്താണു
കൈമലത്തിനാർ വെറും വിജ്ഞാനഭിക്ഷയ്ക്കായി.
ശ്രീശാന്തിനികേതത്തിൻ വാർത്തയാൽ ദിവിയെത്ര
സന്തുഷ്ടരിപ്പോൾ, കുലപതികൾ കണ്വാദികൾ!

അങ്ങതന്നകൃത്രിമഗീതങ്ങൾ മുഴങ്ങുന്നു
വംഗദേശത്തിലേത്തു വയലിൻ വരമ്പത്തും.
താവകഗീതാഞ്ജലി മേൽക്കുമേൽ വെൽവൂ വിശ്വ-
ഭാവനാസൌധത്തിനു ഹീരകോടീരംപോലെ.
രാജ്യങ്ങൾതോറും തത്തൽഭാഷയാമുട്ടപ്പിട്ടു
പൂജ്യയായ് നൃത്തംചെയ്‌വൂ ഭാവൽക്കസരസ്വതി!
ആർഷസംസ്കാരത്തിൻെറ പൊൻവിളക്കന്തിബ് ഭവാൻ
പ്രാച്യവും പ്രതീച്യവുമായ ദിക്കൊക്കെക്കൊട്ടി!
മർത്ത്യനക്കറ തെല്ലു ദാതൃഹസ്തത്തിൽക്കാണ്കെ,
കർമ്മം പോലായങ്ങയ്ക്കുൽക്കൃഷ്ടബിരുദവും.
അന്ത്യശയ്യയിൽപ്പോലുമങ്ങക്കെത്തുവലൊരു
ചെന്തീക്കാരിരുമ്പമ്പായില്ലയോ മാററാക്കെല്ലാം?
ഉൽപ്പുളകമോടേത്തു കൊതിച്ചു കേൾപ്പാനാരു-
മപ്രധൃഷ്യമസ്സ്വബ്ദമെന്നോയ്ക്കുമടഞ്ഞതല്ലോ.
ആരിനിപ്പെന്തോന്തും കാര്യങ്ങളൊഴക്കുവാൻ,
ആർഷസംസ്കാരത്തിൻെറ കാഹളം മുഴക്കുവാൻ?

* * * * * *

ആ വിശാലമാം ഫാല, മായതോജ്ജ്വലനേത്രം,
തൂവെള്ളിശ്ശലാകകൾപോലെ നീണ്ടഴം ശ്മശ്രു,
ആ മധുരോദാരഗംഭീരധീരമാം ഭാവം —
അങ്ങയെ മറക്കുന്നതെങ്ങിനെ മഹാകവേ!

വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

## അസ്തംഗതനായ രവി.

സ്വൈരം ശാന്തിനികേതനത്തിൽ മരുവിപ്പാരെങ്ങുമാര്യർഷിസം-
സ്കാരത്തിൻപ്രഥ വിശ്വഭാരതിവഴിയ്ക്കെത്തിച്ച മാന്യാശയൻ
സ്സ്കാരപ്പൂമ്പുകളാന്ന വിശ്വകവിയാം ടാഗോർ—വിധേ,ഹന്ത,സം-
സാരം സംഹൃതസാരമായ്, മുഷിതമായ് ബ് ഭ്രരത്നമിന്നങ്ങയാൽ!

2.

ഖേദത്തിൻപുകയേല്ക്കയാൽ മലിനമായാശാമുഖം; തീവ്ര നി-
ർവ്വേദംപൂണ്ടു സമസ്തലോകവുമിതാ, നില്പൂ നിരുന്മേഷമായ്;
മോദംതൻകളഗീതിയാലുലകിനേകിപ്പോന്നൊരാദൃശ്യമാം
നാദബ്രഹ്മ,മുപാസ്യനാം കവിവരൻ ഹാ, വാനിൽ നക്ഷത്രമായ്!

3.

കാണിയ്ക്കും കനിവെന്നിയേ ഗുണികളിൽശാർദ്ദൂലവിക്രീഡിതം
കാണിയ്ക്കാൻ ധൃതകച്ഛനാം ഹതവിധേ, നിൻചേഷ്ടിതം നിഷ്ഠുരം!!
താണീടാത്തൊരു ദിവ്യദീപ്തിനിരയാൽ വിശ്വം വിളക്കീടുമാ-
ക്ഷോണീമംഗളരത്നദീപമിതു നീയൂതിക്കെടുത്തില്ലയോ?

4.

സ്വീയാനൎഘപവിത്രഗാനിരകളാൽ പാരിച്ചപാരിൻതമ-
സ്സായാസംകലരാതകററിയുണർവേകിപ്പോന്നൊരാസ്സൽകവി,
ശ്രീയാന്നുള്ള രവീന്ദ്രനായ ഭഗവാനസ്താദ്രിതൻമെയ്‌വലിയിൽ-
പ്പോയാഹന്ത! മറഞ്ഞുപോയ്;പ്പരമിരുട്ടാണ്ടൂ ധരാമണ്ഡലം!

5.

നാനാമട്ടിൽ വിളങ്ങിടും പ്രകൃതിതൻസൌന്ദര്യസമ്പത്തിനെ-
ത്താനാവുംപടി കണ്ടറിഞ്ഞതുവിധംമററുള്ളവൎക്കൊക്കെയും
പീനാനന്ദമുറന്ന സൽകൃതികളാൽ കാട്ടിക്കൊടുത്തുള്ള വി-
ജ്ഞാനാംഭോധി യശസ്സ്വരൂപനവിടുന്നൊന്നും ജയിപ്പൂ കവേ!

6

പ്രേമംതാൻ തവ ഹൃദ്യമാം കവിതകൾക്കാത്മാ;വനാദ്യന്തമാം
പ്രേമത്തിന്നരുളുന്നിതഞ്ജലി ഭവാൻതൻദിവ്യ'ഗീതാഞ്ജലി';
പ്രേമത്താലലതല്ലിടുന്നു * വനികാപാലൻെറ ചിത്തം തുലോം;
പ്രേമത്തിൻെറ സുധാമരീചികൾ ചൊരിഞ്ഞീടുന്നു $ ചന്ദ്രക്കല.

7.

ആകല്പസ്ഥിതിപൂണ്ട പൂ കൊഴികിലും കാററിൽത്തുളുമ്പുംമണം;
ശ്ലോകത്തിൻപൊരുൾതീൎന്നുപോകിലുമകക്കാമ്പിങ്കലൂറും രസം;
ലോകംവിട്ടുമറഞ്ഞു കാലജലധിയ്ക്കുള്ളിൽബ്ഭവാ,നെങ്കിലും;
ലോകൎക്കുള്ള ഹൃദന്തരത്തിൽ വിലസും വാടാവിളക്കായ് സ്സദാ!

8.

ആരാണുജ്ജ്വലഭാരതീയമഹനീയാദൎശസങ്കേതഭൂ;-
വാരാസ്സൻകവിതാഭ്രനിൎഝരിണിതൻനീഹാരധാത്രീധരം;
ആരാദ്ധ്യാനഘചര്യനാസ്സുകൃതിവര്യൻ സംഭൃതാനന്ദമാ-
വാരാളും തമസഃ പരം പദമണഞ്ഞേതല്ലൂട്ടെ വിശ്രാന്തിയെ!

സി. വി. കെ. എൻ.

— *:* —

* Gardener.

$ Creseent Moon.

# ഗുരുദേവൻ

ശാന്തിതൻ നികേതനം, സാഹിത്യാരാമത്തിലെ
സൌഗന്ധ്യമേറും സൂനമൊന്നിതാ കൊഴിഞ്ഞുപോയ്

ഭാരതാംബതൻകീർത്തിപരത്താനുദിച്ചോരാ
ജ്ഞാനഭാസ്കരൻ ടാഗോരാഹന്ത! പൊയ്പോയല്ലോ!

വിശ്വമാകവേ ജ്ഞാനസൌരഭം പരത്തിയ
വിജ്ഞാനമന്ദാനിലനിന്നിതാ! നിശ്ചേഷ്ടനായ്.

ഗാനലോലുപൻ തന്റെ പീയൂഷഗാനങ്ങളു-
മാവതില്ലിനിമേലിൽ നമ്മൾക്കു കേട്ടീടുവാൻ

കയ്യിതാ വിറയ്ക്കുന്നു, നാവിതാ വരളുന്നു!
വയ്യെനിക്കേതുമൊന്നും കുറിപ്പാനുരപ്പാനും!

ധന്യമാം ഗുരുദേവപാദപങ്കജം സ്മരി-
ച്ചന്യൂനഭക്ത്യാദരമെപ്പോഴും സ്തുതിക്കുവാൻ

ഭാഗ്യവും യോഗ്യതയുമഭിമാനവുമെല്ലാം
ഭാരതീയരാം നമ്മൾക്കല്ലാതെ മററാർക്കുള്ളൂ!

പാഞ്ചഭൌതികം കൃമിസഞ്ചയനിഷേവിതം
പാഴ്ജഡം വിട്ടു ഗുരു നാകത്തിലെത്തിച്ചേർന്നു!

മൃത്യുവിൻവശഗനായിവിടം വിട്ടെന്നാലും
നിത്യവും ഗുരുനാമമത്രതാൻ പ്രശോഭിക്കും.,

ഭാരതാംബികേ! ദേവി! മാഴ്കായ്ക! മാഴ്കായ്ക! നീ
താവകകുമാരകനമൃതൻ! നിത്യൻ! മുക്തൻ!!

വി. ജി ഭാസ്കർ (കുടമാളൂർ)